പത്രക്കുറിപ്പ്

KERALA STATE COMMISSION FOR
PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O.,
Thiruvananthapuram - 695 034
Phone : 0471 - 2326603/04/05
E-mail : pro.cpcr@gmail.com

28.04.2025

# സ്കൂളിലെ ഇടവേളകളിൽ സത്ക്കാരം വിലക്കി ബാലാവകാശ കമ്മിഷൻ

മലപ്പുറം: സ്കൂൾ പ്രവർത്തി ദിവസങ്ങളിൽ അധ്യാപകരുടെ ട്രാൻസ്ഫർ, പ്രൊമോഷൻ, വിരമിക്കൽ, തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഇടവേളകളിൽ സത്ക്കാരം നടക്കുന്നത് വിലക്കി ബാലാവകാശ കമ്മിഷൻ ഉത്തരവായി. ഇത്തരം സത്ക്കാരങ്ങൾ കുട്ടികൾ സ്കൂളുകളിൽ എത്തുന്നതിന് മുമ്പോ അവർ സ്കൂളിൽ നിന്ന് പോയ ശേഷമോ സംഘടിപ്പിക്കാവുന്നതാണ്. സ്കൂളിൽ കൊച്ചുകുട്ടികൾ കാൺകെ വിവിധ പാർട്ടികളുടെ ഭാഗമായി അധ്യാപകരും ജീവനക്കാരും സദ്യയും ബിരിയാണിയും കഴിക്കുന്നത് ആശാസ്യമല്ല. സ്കൂൾ അവധി ദിനങ്ങളിൽ പാർട്ടികൾ നടത്തുന്നതിന് തടസമില്ല. ഇത് സംബന്ധിച്ച സർക്കുലർ എല്ലാ സ്കൂളുകൾക്കും നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കമ്മിഷൻ അംഗം സിസിലി ജോസഫ് പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശം നൽകി. കുട്ടിലങ്ങാടി സ്വദേശിയും വിരമിച്ച അധ്യാപകനുമായ നാസിറിന്റെ പരാതിയിന്മേലാണ് കമ്മിഷന്റെ ഇടപെടൽ. ഉത്തരവിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 30 ദിവസത്തിനകം കമ്മിഷന് ലഭ്യമാക്കണം.

പബ്ലിക് റിലേഷൻസ് ഓഫീസർ